## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 05/23 (209th) Meeting of the Syndicate held on 14.07.2023 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ശ്രീ. പി. വി. ജയൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഓൺലൈൻ
13. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
15. ഡോ. കെ.എം. അനിൽ, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

എഴുത്തുകാരനും, വിദ്യാഭ്യാസ വിചക്ഷണനും സാമൂഹിക പ്രവർത്തകനുമായിരുന്ന ശ്രീ പി. ചിത്രൻ നമ്പൂതിരിപ്പാട്, പ്രശസ്ത എഴുത്തുകാരിയും സാമൂഹ്യ പ്രവർത്തകയുമായ ശ്രീമതി ദേവകി നിലയങ്ങോട്, പ്രശസ്ത ചിത്രകാരനും ശില്പിയുമായിരുന്ന കെ. എം. വാസുദേവൻ നമ്പൂതിരി അഥവാ ആർട്ടിസ്റ്റ് നമ്പൂതിരി, കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

23.05.2023 തീയതിയിലെ 208-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള വിജ്ഞാപനം 31.05.2023 ന് ഇറങ്ങി. പ്രവേശന പ്രക്രിയ 13.07.2023 മുതൽ ആരംഭിച്ചിട്ടുണ്ട്.
2. 2023 മെയ് 31 ന് വിരമിച്ച സർവകലാശാലയിലെ അനധ്യാപക ജീവനക്കാരായ ശ്രീമതി മജീദ കെ, ശ്രീമതി ആനി വി. ഐ, ശ്രീ സണ്ണി ഇ. പി, ശ്രീ ജയപ്രകാശൻ നായർ എന്നിവർക്ക് സർവകലാശാല ഉചിതമായ യാത്രയയപ്പ് നൽകി.
3. 2023 ജൂൺ 9 ന് മലയാളം സർവകലാശാല വൈസ്ചാൻസലറുടെ ചുമതലയേറ്റ മലയാളം വകുപ്പ് പ്രൊഫസർ ഡോ. സുഷമ എൽ - നെ അഭിനന്ദിക്കുന്നു.

4. സർവകലാശാല യൂണിയൻ കലോത്സവം 'അലാമി' 13.06.2023 മുതൽ 15.06.2023 വരെ സംഘടിപ്പിച്ചു.

5. സർവകലാശാലയിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ ക്ളാസ്സുകൾ 27.06.2023 ന് തുടങ്ങി.

6. 2023 ലെ കേരള സാഹിത്യ അക്കാദമിയുടെ കുറ്റിപ്പുഴ അവാർഡ് നേടിയ മലയാള വിഭാഗം പ്രൊഫസർ ഡോ. പി. പവിത്രന് അഭിനന്ദനങ്ങൾ.

7. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തിയ അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ മലയാള വിഭാഗം ഗവേഷക ശ്രീമതി പ്രിയദർശിനിക്കും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (NIMHANS), ബാംഗ്ളൂർ -ൽ Clinical M.Phil in Psychiatric Social Work ന് പ്രവേശനം ലഭിച്ച സോഷ്യൽ വർക്ക് വിഭാഗം വിദ്യാർത്ഥികളായ സജിന മുജീബ് വി, ഇർഫാന പി. എം, കേസിയ ബിജു, അശ്വിൻ ആൽഫ്രഡ് എന്നിവർക്കും അനുമോദനങ്ങൾ.

8. സിൻഡിക്കേറ്റിലെ സർക്കാർ നോമിനിയായ ഡോ. ടോമി ജോസഫ് - നെ സിൻഡിക്കേറ്റിലേക്ക് സ്വാഗതം ചെയ്യുന്നു.

9. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Semeenabi K.K in Urdu [No. EA/PhD/763/SSUS/2022(1)]
b) Smt. Gopika G. in History [No. EA/PhD/758/SSUS/2022(1)]
c) Smt. Sabeena Banu M. in Malayalam [No. EA/PhD/739/SSUS/2022(1)]
d) Sri. Prathyush P. in Hindi [No. EA/PhD/773/SSUS/2022(1)]
e) Smt. Bhadra P.K.M. in Sanskrit Sahitya [No. EA/PhD/742/SSUS/2022(1)]
f) Sri.Sudeep S.D. in English [No. EA/PhD/749/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 30.06.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Semeenabi K.K | Faculty of Indian Languages | 26.04.2023 |
| b) | Smt. Gopika G. | Faculty of Arts and Social Sciences | 05.06.2023 |
| c) | Smt. Sabeena Banu M. | Faculty of Indian Languages | 13.06.2023 |
| d) | Sri. Prathyush P. | Faculty of Indian Languages | 07.06.2023 |
| e) | Smt. Bhadra P.K.M. | Faculty of Sanskrit Literature | 06.06.2023 |
| f) | Sri.Sudeep S.D. | Faculty of Foreign Languages | 19.06.2023 |

a) Smt. Semeenabi K.K. in Urdu under the Faculty of Indian Languages for the Ph.D thesis titled **"Professor B. Shaikh Ali Bahaisiyate Mohaqqiq, Naqqad aur Mahar-e-Talimat"** under the guidance of Dr. K.V. Nakulan, Professor (Rtd.), Department of Urdu, SSUS, Kalady

b) Smt. Gopika G. in History under the Faculty of Arts and Social Sciences for the Ph.D thesis titled **"Land, Land Relations and Parallel Landlordism: Trajectories of Transformation in Colonial South Malabar"** under the guidance of Dr. E.K. Rajan, Professor, Department of History, SSUS, Kalady.

c) Smt. Sabeena Banu M. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“ശരീരം തന്മ സമൂഹം: മുസ്ലീം സ്ത്രീ പ്രതിനിധാനം സമകാലിക മലയാള നോവലിൽ”** under the guidance of Dr. Shamshad Hussain K.T, Professor, Department of Malayalam, SSUS, RC, Tirur.

d) Sri. Prathyush P. in Hindi under the Faculty of Indian Languages for the Ph.D thesis titled **“Samkaleen Hindi Natakom Ki Rangamancheeyata”** under the guidance of Dr. K. Sreelatha, Professor, Department of Hindi, SSUS, Kalady.

e) Smt. Bhadra P.K.M in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Bharata’s Theatre and Kūṭiyāṭṭam – Some Points of Innovation with Special Reference to Rāmāyaṇa Plays”** under the guidance of Dr. K.P. Sreedevi, Professor (Rtd.), Department of Sanskrit Sahitya, SSUS, Kalady.

f) Sri. Sudeep S.D. in English under the Faculty of Foreign Languages for the Ph.D thesis titled **“Transcending the Boundaries in Culture and Fiction: A Study of Popular Fiction”** under the guidance of Dr. Bindu R., Associate Professor, Department of English, SSUS, RC, Panmana.

## Item No. 3

പരീക്ഷ ചോദ്യപേപ്പർ പ്രിന്റ് ചെയ്തപ്പോൾ ഉണ്ടായ തെറ്റുകൾ - പ്രിന്റർക്കെതിരെ എടുക്കേണ്ട നടപടികൾ - സംബന്ധിച്ച്. [No. EA/18838/SSUS/2023(part file–1)]

30.06.2023 ലെ പരീക്ഷാ സ്ഥിരം സമിതിയുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചു.

1. ചോദ്യപേപ്പറുകൾ പ്രിന്റ് ചെയ്തതിനുള്ള പ്രതിഫലം നൽകാതിരിക്കുക.
2. താക്കീത് നൽകുക. താക്കീത് നൽകുമ്പോൾ ഇനിയും ഇപ്രകാരമുള്ള തെറ്റുകൾ ആവർത്തിച്ചാൽ കരിമ്പട്ടികയിൽ ചേർക്കുമെന്നുള്ള വിവരം കൂടി അറിയിക്കാവുന്നതാണ്.

കൂടാതെ ചോദ്യപേപ്പറിലെ തെറ്റു കൊണ്ട് വീണ്ടും നടത്തേണ്ടി വന്ന രണ്ടു പരീക്ഷ കളുടെ ചെലവ് പ്രിന്ററിൽ നിന്ന് ഈടാക്കാൻ തീരുമാനിച്ചു. ഓൺലൈൻ ചോദ്യപേപ്പർ നടപ്പിലാക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവരോട് ചർച്ച ചെയ്ത് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ പരീക്ഷാ ഉപസമിതിയെ ചുമതലപ്പെടു ത്താനും പ്രസ്തുത സമിതിയിൽ ഡോ. പി. ശിവദാസനെ കൂടി ഉൾപ്പെടുത്താനും തീരുമാനിച്ചു.

## Item No. 4

മൂന്ന് വർഷ ബിരുദ പ്രോഗ്രാമുകൾ ബാധകമായ റെഗുലേഷനിലെ വിദ്യാർത്ഥി കൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് (No.EC/9576/SSUS/2020)

30.06.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് മൂന്ന് വർഷ ബിരുദ പ്രോഗ്രാമുകൾ ബാധകമായ റെഗുലേഷനിലെ വിദ്യാർത്ഥികൾക്ക്, 2023 ഒക്ടോബറിലെ 3-ാം സെമസ്റ്റർ വിദ്യാർത്ഥികളുടെ പരീക്ഷകളുടെ കൂടെ മേഴ്സി ചാൻസ് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 5

2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019/2020/2021 അഡ്മിഷൻ റെഗുലർ വിദ്യാർത്ഥികളുടെയും 2018 അഡ്മിഷൻ റീ അപ്പിയറൻസ് വിദ്യാർത്ഥി കളുടെയും 2021 റീ അഡ്മിഷൻ വിദ്യാർത്ഥിയുടെയും, 2015/2020 അഡ്മിഷൻ എം.എഫ്.എ റീ അപ്പിയറൻസ് പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച്. (No. ED/11607/SSUS/2018)

30.06.2023 ൽ നടന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2023 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019/2020/2021 അഡ്മിഷൻ റഗുലർ വിദ്യാർത്ഥികളുടെയും 2018 അഡ്മിഷൻ എം.ഫിൽ റീ അപ്പിയറൻസ് വിദ്യാർ ത്ഥികളുടെയും 2021 റീ അഡ്മിഷൻ വിദ്യാർത്ഥിയുടെയും 2015/2020 അഡ്മിഷൻ എം.എഫ്.എ റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി

അവാർഡ് ചെയ്യുന്നതിന് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു.

## Item No. 6

പി.എച്ച്.ഡി അസ്സൽ സർട്ടിഫിക്കറ്റിൽ പി.എച്ച്.ഡി അവാർഡു ചെയ്യുന്ന തീയതി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്. (No. EA/5967/SSUS/2019)

പി.എച്ച്.ഡി അസ്സൽ സർട്ടിഫിക്കറ്റിൽ ടൈറ്റിൽ നീക്കം ചെയ്യാനും, സർട്ടിഫിക്കറ്റിൽ കൈകൊണ്ട് എഴുതുന്നത് അവസാനിപ്പിയ്ക്കാനും തീരുമാനിച്ചു.

## Item No. 7

എം.ഫിൽ പ്രബന്ധ സമർപ്പണം സംബന്ധിച്ച്. (No. Acd.A1/14350/SSUS/2016)

30.06.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് എം.ഫിൽ കോഴ്സ് നിലവിൽ നിർത്തലാക്കിയ സാഹചര്യത്തിൽ 2019-20 അഡ്മിഷൻ എം.ഫിൽ ഹിസ്റ്ററി വിദ്യാർത്ഥിയായ നിധിൻ എ. യ്ക്ക് 31.08.2023 നകം പ്രബന്ധം സമർപ്പിക്കാൻ പ്രത്യേക അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 8

03.02.2023 തീയതിയിലെ 205-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ മെയിൻ അജണ്ട ഐറ്റം നമ്പർ 8 – സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്. [No. Acd.A1/930/SSUS/2014]

30.06.2023 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 2014-15 രജിസ്ട്രേഷൻ ഗവേഷകർക്ക് സ്വാഭാവിക കാലാവധിയ്ക്കുപരിയായി ഒരു വർഷ കാലയളവ് അനുവദിച്ച സാഹചര്യത്തിൽ,

2015 നവംബർ മാസം രജിസ്റ്റേഷനുള്ള ഫുൾ ടൈം ഗവേഷകർക്ക് സ്വാഭാവിക കാലാവധിയ്ക്കുപരിയായി 2024 നവംബർ വരെയും പാർട്ട് ടൈം ഗവേഷകർക്ക് 2026 നവംബർ വരെയും കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

## Item No. 9

PG Diploma in Psychiatric Care & Management പുതിയ പ്രോഗ്രാം പ്രോജക്ട് മോഡ് സ്കീമിൽ ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 959/Acd.B1/SSUS/2022)

PG Diploma in Psychiatric Care & Management എന്ന പുതിയ പ്രോഗ്രാം പ്രോജക്ട് മോഡ് സ്കീമിൽ ആരംഭിയ്ക്കുന്നതിനുള്ള അനുമതിയ്ക്കായും പ്രോഗ്രാമിന്റെ പൂർണ്ണമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും സർക്കാരിലേക്ക് കത്ത് അയക്കാൻ തീരുമാനിച്ചു.

## Item No. 10

ഗവേഷക വിദ്യാർത്ഥികളുടെ വർഗ്ഗീകരണം സംബന്ധിച്ച അവ്യക്തത പരിശോധിക്കുന്നത് സംബന്ധിച്ച്. (No. Acd.A2/15089/SSUS/2022)

വിഷയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ശിപാർശ സമർപ്പിക്കുന്നതിന് അക്കാദമിക് & റിസർച്ച് ഉപസമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 11

18.05.2023 ൽ കൂടിയ 207 - മത് സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടി കുറിപ്പിലെ അഡീഷണൽ അജണ്ട ഐറ്റം നമ്പർ 28 ലെ തലക്കെട്ടിലേയും യോഗതീരുമാനത്തിലേയും തിരുത്തലുകൾ വരുത്തി നൽകുന്നത് - സംബന്ധിച്ച്. (No. ISSS/6536/SSUS/2017)

18.05.2023 ൽ കൂടിയ 207 - മത് സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച ISSS/6536/SSUS/2017 നമ്പറിലുള്ള സിൻഡിക്കേറ്റ് കുറിപ്പിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത സിൻഡിക്കേറ്റ് നടപടി കുറിപ്പിലെ അഡീഷണൽ അജണ്ട ഐറ്റം നമ്പർ 28 ലെ തലക്കെട്ടിൽ രേഖപ്പെടുത്തിയ 2022-23 സാമ്പത്തിക വർഷത്തെ എന്നത് 2023-24 സാമ്പത്തിക വർഷത്തെ എന്നും പ്രസ്തുത ഐറ്റത്തിന്റെ തീരുമാനത്തിലെ "റിസോഴ്സ് പേഴ്സണ് നൽകുന്നതിനായി 3000/- രൂപ വിനിയോഗിക്കാൻ അനുമതി നൽകിയത് " എന്നത് "റിസോഴ്സ് പേഴ്സണിന് ഓണറേറിയം നൽകുന്നതിനായി 2000/- രൂപയും, ബ്രോഷർ ഇനത്തിൽ 1000/- രൂപയും ഉൾപ്പെടെ പരിപാടിയുടെ നടത്തിപ്പിനായി ആകെ 3000/- രൂപ വിനിയോഗിക്കാൻ അനുമതി നൽകിയത് " എന്നും തിരുത്തലുകൾ വരുത്താൻ അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 12

ഉത്തരവുകൾ സാധൂകരിച്ചതും അക്കാദമിക് കൗൺസിൽ നടപടിച്ചുരുക്കം ഇനം. 1 തീരുമാനവും റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച് (No.Acd.A1/2555/SSUS/2017)

ശ്രദ്ധിച്ചു.

## Item No. 13

സർവകലാശാലയിലെ നാടക വിഭാഗത്തിന് 13 - ാമത് International Theatre Festival of Kerala (ITFOK) യിൽ പങ്കെടുക്കുന്നതിന് പ്രോഗ്രാം അവതരിപ്പിക്കുന്നതിനു അനുമതി നൽകിയതിന്റെ സാധൂകരണം - സംബന്ധിച്ച്. (No. Acd.C1/15253/SSUS/2022)

സർവകലാശാലയിലെ നാടക വിഭാഗത്തിന് 13 - ാമത് International Theatre Festival of Kerala (ITFOK) യിൽ പ്രോഗ്രാം അവതരിപ്പിക്കുന്നതിന് അനുവദിച്ച 7,00,000/- രൂപയിൽ നിന്നും അക്കാദമിക് കണ്ടിൻജൻസി ഫണ്ടായി സർവകലാശാലയിലെ വിദ്യാർത്ഥികളുടെ 3 സ്റ്റുഡന്റ് പ്രൊഡക്ഷന് 2,00,000/- രൂപ അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 14

രക്തദാനം ചെയ്യുന്ന വിദ്യാർഥികൾക്ക് അന്നേ ദിവസം അറ്റൻഡൻസോട് കൂടി അവധി നൽകുന്നത് - സംബന്ധിച്ച് (No. 01847/Acd.B2/SSUS/2023(1))

രക്തദാനം ചെയ്യുന്ന വിദ്യാർഥികൾക്ക് ആശുപത്രികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം അറ്റൻഡൻസോട് കൂടി അവധി നൽകുന്നതിന് തീരുമാനിച്ചു.

## Item No. 15

മെറിറ്റ് സ്കോളർഷിപ്പ് 2022 അനുവദിച്ച ഉത്തരവായത്- സിൻഡിക്കേറ്റ് സാധൂകരണത്തിനു സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Acd.C2/17587/2021/SSUS)

2022 അധ്യയന വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 16

ഭിന്നശേഷിക്കാർക്ക് പ്രൊമോഷനിൽ സംവരണം - സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത്-സംബന്ധിച്ച്. [No.00483/AD.A1/SSUS/ 2022(1)]

വിഷയം വിശദമായി പഠിക്കുന്നതിന് സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 17

സർവകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രസാധന പേരും ലോഗോയും സംബന്ധിച്ച്. (No. 01193/PUB1/SSUS/2023)

വിഷയം വിശദമായി പഠിക്കുന്നതിന് ലൈബ്രറി & പബ്ലിക്കേഷൻ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 18

പന്മന പ്രാദേശികകേന്ദ്രം 2020 അഡ്മിഷൻ എം.എ ഹിന്ദി വിദ്യാർത്ഥിനി ഐശ്വര്യ ഒ. യുടെ പുനഃപ്രവേശനം സംബന്ധിച്ച്. [No.00961/Acd.B2/SSUS/ 2023(1)]

ശ്രദ്ധിച്ചു.

## ADDITIONAL AGENDA

## Item No. 1

ബിരുദ കോഴ്സുകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. Acd.C2/8998/SSUS/2022)

വിശദമായ പഠനത്തിനായി മാറ്റിവെച്ചു.

## Item No. 2

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബിരുദ–ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിന് SC/ST വിദ്യാർത്ഥികൾക്ക് തുല്യമായ സംവരണവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച്. [No. 00678/Acd.B2/SSUS/2022(1)]

11.07.2023 ലെ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെയും സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് ഭിന്നശേഷി കമ്മീഷണറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണക്രമം നിശ്ചയിക്കുന്നതിൽ വ്യക്തത വരുത്തുന്നതിനായി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ തീരുമാനിച്ചു.

## Item No. 3

ഡോ. എച്ച്. ശൈലജ, പ്രൊഫസർ, സൈക്കോളജി വകുപ്പ്, കേരള സർവകലാശാല–സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ, മാതൃസ്ഥാപനമായ ഈ സർവകലാശാലയിൽ ലാവണം ദീർഘിപ്പിച്ചു നൽകണമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. 01655/Ad.A3/SSUS/2023(1)

11.07.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 16.03.2020 തീയതിയിൽ ഈ സർവകലാശാലയിൽ നിന്നും വിടുതൽ ചെയ്ത ഡോ. എച്ച് ശൈലജയ്ക്ക് ലീൻ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച് സ്റ്റാൻഡിംഗ് കൗൺസിലിൽ നിന്നും നിയമോപദേശം തേടുന്നതിന് തീരുമാനിച്ചു. കൂടാതെ അധ്യാപക അനധ്യാപകരുടെ ലീൻ സംബന്ധിച്ച് ഒരു പൊതു തീരുമാനം എടുക്കുന്നതിന് സ്റ്റാൻഡിംഗ് കൗൺസിലിൽ നിന്ന് പ്രൊപ്പോസൽ തേടുന്നതിനും തീരുമാനിച്ചു.

## Item No. 4

മുൻകാല സേവനം പരിഗണിച്ച് ശമ്പള സംരക്ഷണം അനുവദിക്കണമെന്ന കാലടി മുഖ്യ കേന്ദ്രം ഇംഗ്ലീഷ് വകുപ്പ് പ്രൊഫസർ ഡോ. മുരളീകൃഷ്ണൻ ടി. ആർ. -ന്റെ അപേക്ഷ പരിഗണി ക്കണമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/2215/SSUS/2023)

11.07.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കാലടി മുഖ്യ കേന്ദ്രം ഇംഗ്ലീഷ് വകുപ്പ് പ്രൊഫസർ ഡോ. മുരളീകൃഷ്ണൻ ടി.ആർ ന് മുൻ സേവനകാലത്തെ ശമ്പളം സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ സംരക്ഷിച്ചു നൽകുവാൻ തീരുമാനിച്ചു.

## Item No. 5

ഡോ. പി.എച്ച്. ഇബ്രാഹിംകുട്ടി, പ്രൊഫസർ, ഹിന്ദി വകുപ്പ്, ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം - അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും വിടുതൽ ചെയ്തപ്പോൾ കൈപ്പറ്റിയ ശമ്പളം, നേരിട്ട നിയമനം ലഭിച്ച പ്രൊഫസർ തസ്തികയിൽ സംരക്ഷിച്ച നൽകണമെന്ന അപേക്ഷ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/14891/SSUS/2022)

11.07.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയിൽ പ്രൊഫസർ തസ്തികയിൽ നേരിട്ട് നിയമിതനായ ഡോ. പി.എച്ച്. ഇബ്രാഹിംകുട്ടിക്ക് അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ വാങ്ങിയിരുന്ന ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് തീരുമാനിച്ചു.

## Item No. 6

പരേതനായ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബിജു എം.പി. യുടെ പങ്കാളി ശ്രീമതി. മിനി എം.ടി യുടെ ആശ്രിത നിയമന അപേക്ഷ സംബന്ധിച്ച്. (No. Ad.B/13746/SSUS/2011)

11.07.2023 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശ്രീമതി. മിനി എം.ടി യുടെ ആശ്രിത നിയമന അപേക്ഷ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത ലഭിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## Item No. 7

ഫിനാൻസ് ഓഫീസർ ശ്രീ. സുനിൽ കുമാർ എസ് - ന്റെ സേവന കാലാവധി സംബന്ധിച്ച്. (No. 02043/Ad.B2/SSUS/2023)

11.07.2023 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഫിനാൻസ് ഓഫീസർ ശ്രീ. സുനിൽ കുമാർ എസ് - ന്റെ സേവന കാലാവധി ദീർഘിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കൂടാതെ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനും തീരുമാനിച്ചു.

**Item No. 8**

Dismissal of SLP (c) 22633/2017 – Payment of Advocate fee for senior engagement before the Honb'le Supreme Court of India – Reg. (No. LGLS/15314/2012/SSUS)

The Syndicate resolved to approve the payment of Rs. 5,59,000/- (Rupees Five lakh Fifty nine thousand only) towards the pending bill amount claimed by Senior Advocate P.V. Surendranath in SLP (c) 22633/2017.

**Item No. 9**

അങ്കമാലി സബ്ട്രഷറിയിൽ സർവകലാശാലക്കുള്ള സ്ഥിര നിക്ഷേപങ്ങളിൽ 8 എണ്ണം 20 മാസം വൈകി പുതുക്കിയത് - അന്വേഷണം സംബന്ധിച്ച്. (No. Fin & Accounts/ 9018/ F.D പുതുക്കൽ-അന്വേഷണം/2021/SSUS)

വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫിനാൻസ് ഉപസമിതിയെ ചുമതലപ്പെടുത്താനും ഈ കമ്മിറ്റിയിൽ ഡോ. ടോമി ജോസഫിനെ കൂടി ഉൾ പ്പെടുത്താനും തീരുമാനിച്ചു.

**Item No. 10**

സർവകലാശാലകൾക്കുള്ള നോൺ പ്ലാൻ ഗ്രാന്റ് - 2023 മാർച്ച് മാസത്തെ ഗഡു സർക്കാർ അനുവദിക്കാത്തത് സംബന്ധിച്ച്. (No. 5736/Fin & Accounts/N.P. Grant/2022/SSUS)

ശ്രദ്ധിച്ചു.

**Item No. 11**

പി.എഫ്. നിക്ഷേപം - 2023 ഏപ്രിൽ 1 മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിലെ പലിശമാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. Bill A/5408/Rate of Interest /SSUS PF/2020)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല ഭവിഷ്യ നിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 15.05.2023 ലെ സ.ഉ.(അച്ചടി) നമ്പർ 48/2023/ധന ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 12**

നാടക വിഭാഗം സംഘടിപ്പിച്ച നാടകാവതരണത്തിന് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച്. (No. Acd.C1/4534/SSUS/2022)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് നാടക വിഭാഗം സംഘടിപ്പിച്ച നാടകാവതരണത്തിന് അംഗീകരിച്ച തുകയായ 3,50,000/- രൂപയിൽ മുൻകൂർ തുകയായ 2,62,500/- രൂപ കിഴിച്ച് ബാക്കി തുകയായ 87,500/- രൂപ അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 13**

സർവകലാശാലയിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തെറ്റായി അടയ്ക്കുന്ന ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച്. (No. Acd.C2/1622/SSUS/2021)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവ്വകലാശാല വിജ്ഞാപനങ്ങളിൽ ചേർക്കുന്ന “Fee once paid will not be refunded” എന്നത് ഒഴിവാക്കുന്നതിനും സർവ്വകലാശാലയിലേയ്ക്ക് വിദ്യാർത്ഥികൾ തെറ്റായി അടയ്ക്കുന്ന തുക തിരികെ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

## Item No. 14

റീ വാല്യൂവേഷൻ ഫീ റീ ഫണ്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. Acd.C2/9204/ SSUS/2022)

സർവകലാശാലയിലെ വിവിധ ഫീസുകൾ പരിഷ്കരിക്കുന്നതിനോടൊപ്പം പരിഗണിക്കുന്നതിനായി മാറ്റി വെച്ചു.

## Item No. 15

പി.എച്ച്.ഡി ഗവേഷകർക്ക് 4-ാം വർഷം ഫെല്ലോഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്. [No.Acd.A1/13351/SSUS/2019]

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശയും സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് പി.എച്ച്.ഡി ഗവേഷകർക്ക് നാലാം വർഷം ഫെല്ലോഷിപ്പ് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 16

01.01.2010 ന് മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷകരുടേയും 2009 റഗുലേഷൻ ബാധകമായ ഗവേഷകരുടേയും പ്രബന്ധം സമർപ്പിക്കുന്നത് സംബന്ധിച്ച്. (No.Acd.A1/5081/SSUS/2016)

01.01.2010 ന് മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷകരുടെ പ്രബന്ധം സമർപ്പിക്കുന്നത് സംബന്ധിച്ച 11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശയിലെ താഴെ പറയുന്ന ഇനം അംഗീകരിക്കാൻ തീരുമാനിച്ചു.

"01.01.2010 ന് മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷകരുടെ പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 31-12-2023 വരെ ദീർഘിപ്പിച്ചു നൽകാവുന്നതും

പ്രബന്ധ സമർപ്പണത്തിനുള്ള ഫീസ് 30,000/- രൂപയാക്കി വർദ്ധിപ്പിക്കാവുന്നതുമാണ് ".

കൂടാതെ രജിസ്ട്രേഷൻ വർഷം നോക്കി ഓരോ വർഷ ഗവേഷകർക്കും വ്യത്യസ്ത ഫീസ് കണക്കാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 17

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നാളിതുവരെ അവസരം വിനിയോഗിക്കാത്ത 01.01.2010 വരെ രജിസ്റ്റർ ചെയ്ത ഗവേഷണ കാലാവധി അവസാനിച്ച ഗവേഷകരുടെ പ്രബന്ധ സമർപ്പണം - സംബന്ധിച്ച്. (No. Acd.A1/6023/SSUS/2010)

അഡീഷണൽ അജണ്ട ഇനം നമ്പർ 16 ന്റെ തീരുമാനം ബാധകമാക്കി.

## Item No. 18

സംസ്കൃത വ്യാകരണ ഗവേഷണ പഠന വകുപ്പിലെ ഗവേഷകനായ മിഥുൻ പി പി.എച്ച്.ഡി നിയമാവലി പ്രകാരമുള്ള ചുരുങ്ങിയ ഗവേഷണ കാലയളവിൽ പ്രബന്ധ സമർപ്പണം നടത്തിയതിനാൽ പ്രോത്സാഹന സമ്മാനത്തിന് പരിഗണിക്കണമെന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനും 18.08.2014 തീയതിയിലെ 138-ാമത് സിൻഡിക്കേറ്റ് തീരുമാനത്തിലെ ഐറ്റം നം.8 പുന:പരിശോധിക്കുന്നതും സംബന്ധിച്ച്. (No. Acd.A1/3853/SSUS/2018)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഗവേഷക പ്രബന്ധം കൃത്യസമയത്ത് സമർപ്പിക്കുക എന്നുള്ളത് ഒരു ഗവേഷകന്റെ ഉത്തരവാദിത്വമാണെന്നതിനാൽ പ്രബന്ധ സമർപ്പണത്തിന് പ്രോത്സാഹന സമ്മാനം അനുവദിക്കുന്നതിനുള്ള മുൻ സിൻഡിക്കേറ്റ് തീരുമാനം പുന: പരിശോധിക്കുന്നതിന് തീരുമാനിച്ചു.

## Item No. 19

പരീക്ഷ മൂല്യനിർണ്ണയ പ്രതിഫല നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. (No. E.D/17507/SSUS/2019)

30.06.2023 തീയതിയിലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ ഫിനാൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മൂല്യനിർണ്ണയത്തിന് നിലവിൽ അനുവദിക്കുന്ന നിരക്കുകൾ തുടർന്നും അനുവദിക്കാവുന്നതാണെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിരക്കുകളിൽ വർദ്ധന വരുത്താവുന്നതാണെന്നും തീരുമാനിച്ചു.

## Item No. 20

Publication of the Book 'Haindava Dharma Sudakaram' Request from M/s Ethos Books and Publications to grant extension time and to sanction proportionate amount after delivery of each volumes reg. (No. LGLS/4956/2009/SSUS)

ഹൈന്ദവ ധർമ്മ സുധാകരം എന്ന പുസ്തകത്തിന്റെ പ്രസാധനവുമായി ബന്ധപ്പെട്ട് M/s Ethos Books and Publications എന്ന സ്ഥാപനത്തെ ഒരിക്കൽ കൂടി ചർച്ചയ്ക്ക് വിളിക്കാൻ തീരുമാനിച്ചു.

## Item No. 21

ഡി ടി പി ഓപ്പറേറ്റർ തസ്തികയിലെ താത്കാലിക നിയമനം, യോഗ്യത അംഗീക രിക്കൽ,വേതനം നിശ്ചയിക്കൽ സംബന്ധിച്ച് [No.01493/Ad.C1/SSUS/2 023(1)]

ഡി ടി പി ഓപ്പറേറ്റർ തസ്തികയിലെ യോഗ്യതകളിൽ Degree in any Discipline from a recognized University എന്ന് പരിഷ്കരിച്ച് അംഗീകരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു.

**Item No. 22**

സർവകലാശാല മുഖ്യകേന്ദ്രത്തിലെ ഓഡിറ്റോറിയ നിർമ്മാണം - Floor slope പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച്. (No. Engg /851/SSUS/2015)

11-07-2023 ൽ ചേർന്ന വർക്ക്സ് & പർച്ചേഴ്സ് സ്ഥിരം സമിതിയുടെയും, 11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് നിലവിലെ എസ്റ്റിമേറ്റ് പ്രകാരം പുതിയ എഗ്രിമെന്റ് വെച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു.

**Item No. 23**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിനടുത്തുള്ള കോട്ടക്കുന്നിലെ ഭൂമിയ്ക്ക് കമ്പിവേലി കെട്ടുന്ന പ്രവൃത്തി സംബന്ധിച്ച്. (No. Engg/103/SSUS/2023)

11-07-2023 ൽ ചേർന്ന വർക്ക്സ് & പർച്ചേഴ്സ് സ്ഥിരം സമിതിയുടെയും 11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിനടുത്തുള്ള കോട്ടക്കുന്നിലെ ഭൂമിയ്ക്ക് കമ്പിവേലി കെട്ടുന്ന പ്രവൃത്തി സംബന്ധിച്ച് ജി എസ് ടി അടക്കമുള്ള 11,63,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനും ഇതിനോടൊപ്പം സാങ്കേതിക അനുമതി നൽകുന്നതിനായി സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും ഇ-ദർഘാസ് മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനും തീരുമാനിച്ചു.

**Item No. 24**

സർവകലാശാലയിലെ യു.ജി ലേഡീസ് ഹോസ്റ്റൽ,ഫൈൻ ആർട്ട്സ് ബ്ലോക്ക് II എന്നിവിടങ്ങളിലെ നെറ്റ് വർക്കിംഗ് പ്രവൃത്തികൾ - സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്. (No. Engg/1240/ SSUS/2022)

11-07-2023 ൽ ചേർന്ന വർക്സ് & പർച്ചേഴ്സ് സ്ഥിരം സമിതിയുടെയും 11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് എറണാകുളം ജില്ലയിൽ സർവ്വീസ് സെന്ററുള്ള, ക്യാമ്പസ് നെറ്റ് വർക്കിംഗ് ചെയ്ത് പരിചയമുള്ള സ്ഥാപനത്തെ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന നിർദ്ദേശം (തീരുമാനം 4) ഒഴിവാക്കാൻ തീരുമാനിച്ചു.

## Item No. 25

സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ വനിതാ ഹോസ്റ്റലിലേയ്ക്ക് പ്രവേശിക്കുന്നതിന് പുതിയ ഗേറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച്. (No. Engg/2287/ SSUS/2023)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ വനിതാ ഹോസ്റ്റലിലേയ്ക്ക് പ്രവേശിക്കുന്നതിന് പുതിയ ഗേറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 26

ഡ്രൈവർ തസ്തികയിൽ സേവനം ചെയ്യുന്ന ജീവനക്കാരുടെ സ്പെഷൽ അലവൻസുകൾ സംബന്ധിച്ച്. [No. 00409/Ad.B2/SSUS/2022(1)]

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഡ്രൈവർ തസ്തികയിൽ സേവനം ചെയ്യുന്ന ജീവനക്കാരുടെ സ്പെഷൽ അലവൻസുകൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ സ്പെഷ്യൽ അലവൻസുകൾ നൽകുന്നതിന് എതിരായതിനാൽ പ്രസ്തുത അലവൻസുകൾ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

കൂടാതെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ ഡ്രൈവർമാർക്കുള്ള സ്പെഷ്യൽ അലവൻസ് പുന:സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് സർക്കാരിലേക്ക് കത്തയക്കാനും തീരുമാനിച്ചു.

**Item No. 27**

സർവകലാശാലയിൽ നിന്നും വിരമിച്ച അധ്യാപക, അനധ്യാപക ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളും, പെൻഷൻ പരിഷ്കരണ കുടിശികയും നൽകുന്നത് സംബന്ധിച്ച്. (No. Bill B/1701/Misc/SSUS/2017)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവ്വകലാശാലയിൽ നിന്നും വിരമിച്ച അധ്യാപക, അനധ്യാപക ജീവനക്കാർക്ക് പെൻഷൻ പരിഷ്കരണ കുടിശികയിൽ ഒരു ഗഡു ഒക്ടോബർ മാസത്തെ പെൻഷനോടൊപ്പം അനുവദിക്കുന്നതിന് തീരുമാനിച്ചു.\

**Item No. 28**

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള "1324-01 Vice Chancellor’s University Contingency Fund for Administrative/Academic/ Research/ Students Purpose” എന്ന ബജറ്റ് ശിർഷകത്തിലെ തുക വിനിയോഗവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്. (No.6008/Fin&Accts/ SSUS/2023)

11.07.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശയിലെ തുക അനുവദിക്കുന്നതിനും ക്രമീകരിക്കുന്നതിനും നിലവിലുള്ള സർക്കാർ ഉത്തരവുകൾ പൂർണ്ണമായും ബാധകമായിരിക്കും എന്ന നിബന്ധന ഒഴിവാക്കി അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 29**

അനുപമ പി.എം. ന്റെ RAC രൂപീകരിക്കുന്നത് സംബന്ധിച്ചും, Course Work, elective course എന്നിവ സംബന്ധിച്ചും ഉള്ള RC തീരുമാനം അംഗീകരിക്കുന്നത് സംബന്ധിച്ച്. [No. 01682/Acd.A1/SSUS/2023(1)]

മോഹിനിയാട്ടം വിഭാഗത്തിലെ ഗവേഷക അനുപമ പി.എം. - ന്റെ ഗവേഷണവു മായി ബന്ധപ്പെട്ട് 17.05.2023 ൽ കൂടിയ മോഹിനിയാട്ടം ഗവേഷണ പഠന വകുപ്പിലെ റിസർച്ച് കമ്മിറ്റിയുടെ നടപടി ചുരുക്കത്തിലെ ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 30

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ പി ജി മലയാളം നിലനിർത്തിയത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 9865/Acd.B1/SSUS/2023)

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ 2023 അധ്യയന വർഷത്തിൽ പി ജി മലയാളം പ്രോഗ്രാമിലേക്ക് പ്രവേശനം നടത്തുന്നതിന് 26.06.2023 തീയതിയിലെ 9865/Acd.B1/SSUS/2023 നമ്പർ സർവകലാശാല ഉത്തരവിലൂടെ ബഹു. വൈസ് ചാൻസലർ സ്വീകരിച്ച നടപടികൾ സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 31

സർവകലാശാലയിൽ 4-വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിൽ വരുത്തുന്നതിനാ വശ്യമായ തുടർ പ്രവർത്തനങ്ങൾക്കായി - പാഠ്യപദ്ധതി പരിഷ്കരണ സമിതി രൂപീ കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് സിൻഡിക്കേറ്റിന്റെ അറിവിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. [No. 01757/Acd.B1/SSUS/2023(1)]

4 - വർഷ ബിരുദ പ്രോഗ്രാമുകൾ 2024-25 അധ്യയന വർഷം മുതൽ സർവകലാ ശാലയിൽ ആരംഭിക്കാനും തുടർ നടപടികളുടെ മേൽനോട്ടം വഹിക്കാൻ ഡോ. ആർ. ശശിധരൻ, ഡോ. ടോമി ജോസഫ്, പ്രൊഫ. ഡി. സലീംകുമാർ, ഡോ. പി.വി. രാമൻകുട്ടി എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു. 4-വർഷ ബിരുദ പ്രോഗ്രാമിന്റെ പാഠ്യപദ്ധതി പരിഷ്കരണ സമിതി രൂപീകരിച്ചത് ശ്രദ്ധിച്ചു.

## Item No. 32

റീ അപ്പിയറൻസ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത് - സംബന്ധിച്ച്. [No.01944/Acd.B3/SSUS/2023(2)]

തിരുവനന്തപുരം പ്രാദേശിക കേന്ദ്രം 2018 അഡ്മിഷൻ ബി.എ. സംസ്കൃതം വ്യാകരണം വിദ്യാർത്ഥിയായ സുബി. എസ്- ന് 6-ാം സെമസ്റ്റർ (VIBI21VY) എന്ന കോഴ്സിന്റെ പരീക്ഷ റീ അപ്പിയർ ചെയ്യാൻ അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 33

ഡോ. നകുലൻ കെ.വി യുടെ പ്രൊഫസർ തസ്തികയിലേക്കുള്ള CAS promotion അനുവദിച്ചത് റദ്ദാക്കാനുള്ള സർക്കാർ നിർദ്ദേശം സംബന്ധിച്ച്.(No.Ad.D/18380/ SSUS/2019)

ഡോ. നകുലൻ കെ.വി യുടെ പ്രൊഫസർ തസ്തികയിലേക്കുള്ള CAS promotion അനുവദിച്ചത് റദ്ദാക്കാനുള്ള സർക്കാർ നിർദ്ദേശം അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 34

സംസ്കൃത പ്രചാരണ വിഭാഗം - ശാസ്ത്ര സംവർദ്ധിനി കേന്ദ്രത്തിന്റെ കീഴിൽ ആരംഭിച്ച അർത്ഥസംഗ്രഹ കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. S.T.R/13757/SSUS/2016)

ശ്രദ്ധിച്ചു.

**Item No. 35**

സിൻഡിക്കേറ്റ് തീരുമാനപ്രകാരം നൽകിയ നോട്ടീസിന്, കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി അതാവുള്ളഖാൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി അതാവുള്ളഖാന് ഹിയറിംഗിന് ഒരവസരം കൂടി നൽകാൻ തീരുമാനിച്ചു.

**Item No. 36**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് ഗവേഷകനായ ശ്രീ. ഉസ്മാൻ കെ യുടെ ഗവേഷണ നടപടികൾ പൂർത്തീകരിക്കുന്നതിന് അനാസ്ഥ കാട്ടിയ ഡോ. കെ. സി. അതാവുള്ള ഖാൻ - ന് എതിരെ നിയമപ്രകാരമുള്ള അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന് അക്കാദമിക് ആന്റ് റിസർച്ച് സ്ഥിരം സമിതി ശിപാർശയിന്മേൽ തുടർനടപടികൾ തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. Ad.A3/5781/SSUS/2023)

ഡോ. കെ.സി. അതാവുള്ള ഖാൻ -ന്റെ ഗവേഷക ഗൈഡ്ഷിപ് പിൻവലിക്കാനും അദ്ദേഹത്തിന്റെ ഗവേഷക മേൽനോട്ടത്തിലുള്ള ഗവേഷക വിദ്യാർത്ഥികളുടെ മേൽനോട്ട ചുമതല ഉറുദു വകുപ്പിലെ മറ്റ് അധ്യാപകർക്ക് ഏൽപ്പിക്കുവാനും തീരുമാനിച്ചു.

**Item No. 37**

തുറവൂർ പ്രാദേശികകേന്ദ്രം - ഡോ. പ്രമീള എ. കെ സമർപ്പിച്ച പരാതി -ഡീൻ മാരുടെ സമിതി സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്ന തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. Ad.A1/9736/SSUS/2022)

സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 38

2021-2022 വർഷത്തെ AQAR അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 00466/ IQAC1/SSUS/2022)

2021-2022 വർഷത്തെ AQAR അംഗീകരിക്കാൻ തീരുമാനിച്ചു.

## OUT OF AGENDA

## Item No. 1

Multi Disciplinary Masters in Disaster Mitigation and Management (DMM) എന്ന പ്രൊജക്ട് മോഡ് പ്രോഗ്രാമിലേക്കുള്ള അധ്യാപക നിയമനം - സെലക്ഷൻ കമ്മിറ്റി തീരുമാനം സംബന്ധിച്ച്.

Multi Disciplinary Masters in Disaster Mitigation and Management (DMM) എന്ന പ്രൊജക്ട് മോഡ് പ്രോഗ്രാമിലേക്കുള്ള അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് 11.07.2023 ന് ചേർന്ന സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്ത റാങ്ക് ലിസ്റ്റ് അംഗീകരിച്ചു. യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ E/T/B കമ്മ്യൂണിറ്റിയിലെ ഒരു ഒഴിവ് നികത്തുന്നതിന് പുനഃവിജ്ഞാപനം പുറപ്പെടുവിക്കാനും തീരുമാനിച്ചു.

## Item No. 2

Placement to teachers to the post of Professor/Assistant Professor with Higher AGP under Career Advancement Scheme in various departments – reg.

The Syndicate resolved to approve the recommendations of the Selection Committee and Screening cum Evaluation Committee, constituted for the placement of 5 Associate Professors to the post of Professors and one Assistant Professor with AGP 6000 to AGP 7000 in the Department of Sanskrit Sahitya, held on 23.06.2023, under Career Advancement Scheme, as per the UGC Regulations, 2010 and resolved to approve the same, as detailed below.

1. Dr. Sangamesan K.M. w.e.f 01.11.2020
2. Dr. P.V. Rajee w.e.f 01.08.2018
3. Dr. R. Kamalakumari w.e.f 01.01.2019
4. Dr. M. Sathian w.e.f 01.12.2021
5. Dr. Pushpadasan Kuniyil w.e.f 01.12.2021

&

Smt. Jensi M. Assistant Professor with AGP 7000 w.e.f 28.03.2017.

The Syndicate resolved to approve the recommendations of the Screening cum Evaluation Committee constituted for the placement of Dr. Abdul Lathief V, Assistant Professor Academic Level 10 to Academic Level 11 in the Department of Malayalam, held on 06.07.2023 and resolved to approve the same w.e.f 10.09.2019 as per UGC Regulations 2018.

The Syndicate also resolved to approve the recommendations of the Screening cum Evaluation Committee constituted for the placement of Dr. Gopan C. from Assistant Professor with AGP 7000 (Stage II) to AGP 8000 (Stage III), in the Department of Theatre, held on 13.07.2023 and resolved to approve the same w.e.f 01.03.2016 as per UGC Regulations 2010.

## Item No. 3

2023 അഡ്മിഷൻ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുകളിലേക്ക് നിലവിലുള്ള പ്രവേശന ലിസ്റ്റിൽ ബാക്കിയുള്ളവർക്ക് ഓപ്ഷൻ നൽകാൻ തീരുമാനിച്ചു.

യോഗം 2.00 pm ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**